ശ്രീ. എസ്. കുമാരൻ: ഇൻഡ്യാ ഗവണ്മെൻറു തയ്യാറാക്കിയിട്ടുള്ള ഫോർമുല വച്ചുകൊണ്ടുതന്നെ സ്റ്റാറ്റിസ്റ്റിക്സ് എടുത്തിട്ടും ബോംബെയിലും, അഹമ്മദാബാദിലും കൃത്രിമങ്ങളും കാണുകയുണ്ടായി. അതുകൊണ്ട് ഇതുപോലുള്ള അപകടങ്ങൾ വരാതിരിക്കുന്നതിനുവേണ്ടി ട്രേഡ് യൂണിയൻ സംഘടനകളുടെ പ്രതിനിധികളടങ്ങുന്ന ഒരു അഡൈ്വസറി ബോർഡ് രൂപീകരിക്കേണ്ടതു് ആവശ്യമല്ലേ; ഇക്കാര്യം ഗവണ്മെൻറു് ഗൗരവമായി പരിഗണിക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ: അങ്ങനെയല്ല ഉണ്ടായതു്. ഒരു സാധനത്തിൻറെ വില നിശ്ചയിക്കുന്ന കാര്യത്തിൽ പകരമായി വേറൊരു സാധനത്തിൻറെ വില നിശ്ചയിച്ചു എന്നുള്ളതാണു് കാര്യം. ആ ഒരു കാര്യത്തിൽ മാത്രം പുനഃപരിശോധന ചെയ്യണമെന്നു പറഞ്ഞു. അല്ലാതെ സംപ്രദായത്തെപ്പറ്റിയോ മറ്റു കാര്യത്തെപ്പറ്റിയോ വാദവിഷയമായിരുന്നില്ല.

എൽ. ഡി. സ്റ്റീമിൽ കഴിക്കുന്ന കിണറുകൾ

* 43. [7] ശ്രീ. പി. സി. ആദിച്ചൻ †: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ എൽ. ഡി. സ്റ്റീമിൽ കിണറുകൾ കഴിക്കുന്നതിനു കേരളത്തിലെ ഓരോ ഡിസ്ട്രിക്റ്റിലും എത്ര തുക വീതം നീക്കിവച്ചിട്ടുണ്ടു്.

(ബി) അതിൽ എത്രമാത്രം ഡിസംബർ അവസാനംവരെ ചെലവായി.;

(സി) ബാക്കി മുഴുവൻ സംഖ്യയും ഈ വർഷംതന്നെ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നുണ്ടോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ)	തിരുവനന്തപുരം	1,96,000	ഉറുപ്പിക
	കൊല്ലം	2,19,000	,,
	ആലപ്പുഴ	2,07,000	,,
	കോട്ടയം	1,96,000	,,
	എറണാകുളം	2,19,000	,,
	തൃശ്ശൂർ	1,84,000	,,
	പാലക്കാടു്	2,07,000	,,
	കോഴിക്കോടു്	2,99,000	,,
	കണ്ണൂർ	2,07,000	,,

		ക.	ന. പ.
(ബി)	തിരുവനന്തപുരം	67,008	87
	കൊല്ലം	14,387	10
	ആലപ്പുഴ	Nil	
	കോട്ടയം	38,941	48
	എറണാകുളം	42,547	47
	തൃശ്ശൂർ	2,538	11
	പാലക്കാടു്	21,005	93
	കോഴിക്കോടു്	64	00
	കണ്ണൂർ	40,712	49

(സി) ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. പി. രവീന്ദ്രൻ: കിണറുകൾ ലോക്കൽ ഡെവലപ്പ്മെൻറു് സ്റ്റീമനുസരിച്ചു് കഴിക്കുന്നതിനു് പബ്ലിക്കിൽനിന്നാവശ്യപ്പെട്ടുന്ന കോൺട്രിബ്യൂഷൻ നിരക്കെന്താണു് ?

† Put by Shri P. Ravindran.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : ശരിയായ വിവരം എന്റെ കൈയ്യിലില്ല. 40 ശതമാനം ആണെന്നാണ് ഓർമ്മ.

ശ്രീ. പി. രവീന്ദ്രൻ : കോൺട്രിബ്യൂഷൻ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്നതിനുള്ള പ്രയാസംകൊണ്ടാണ് ഉദ്ദേശിക്കുന്ന രീതിയിൽ പ്രവർത്തിക്കാൻ സാധിക്കാത്തതെന്നു പറഞ്ഞു. അങ്ങനെ പൊതുജനങ്ങളിൽനിന്നും കോൺട്രിബ്യൂഷൻ ഇല്ലാതെ വരുന്നിടത്തും ഈ ജോലി പഞ്ചായത്തുകൾക്കും നൽകുന്നതിനും നിർദ്ദേശം കൊടുത്താൽ ഈ സ്കീം കൂടുതൽ വേഗത്തിൽ നടത്താൻ കഴിയുമെന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : കോൺട്രിബ്യൂഷൻ കൊടുക്കേണ്ടതു മുന്നിലൊന്നാണ്. അതു പബ്ലിക്കും കൊടുക്കുന്നതിനുള്ള പ്രയാസംകൊണ്ടാണ് വേഗത്തിൽ നടത്താൻ താമസം നേരിടുന്നതെന്നു ഗവണ്മെന്റിനു ചില സ്ഥലങ്ങളിൽനിന്നും വിവരം കിട്ടിയിട്ടുണ്ട്. പഞ്ചായത്തുകൾക്കുകൂടി അതിന്റെ കോൺട്രിബ്യൂഷൻ കൊടുക്കണമോ എന്ന കാര്യത്തെപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : എൽ. ഡി. സ്കീം അനുസരിച്ച് വായിച്ച കണക്കിൽനിന്നും ഓരോ ഡിസ്ട്രിക്ടിലേക്കും രണ്ടുലക്ഷത്തിനുമേൽ സംഖ്യ നീക്കിവച്ചിട്ടുണ്ടെന്നു കണ്ടു. ഇതിൽ രണ്ടായിരവും, അയ്യായിരവും ഉറുപ്പികയേ ചെലവു ചെയ്തതായി കാണുന്നുള്ളൂ. രണ്ടുലക്ഷത്തോളം ഉറുപ്പിക മാറ്റിവച്ചതിൽ ഈ ചെറിയ സംഖ്യകയും മാത്രം ചെലവു ചെയ്യുന്നതിനുള്ള കാരണം എന്താണ്; അതിനുള്ള കാരണം കണ്ടുപിടിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : കളക്ടർ അനേഷിച്ചാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതു്. അതിൽനിന്നും മനസ്സിലാക്കുന്നതു് ശ്രീ. രവീന്ദ്രൻ പറഞ്ഞതുപോലെ നാട്ടുകാരുടെ കോൺട്രിബ്യൂഷൻ കൊടുക്കുന്ന കാര്യത്തിലുള്ള പ്രയാസം, രണ്ടാമതു് സ്ഥലം വെറുതെ പ്രതിഫലം കൂടാതെ കൊടുക്കണമെന്നുള്ള നിബന്ധന നടപ്പിൽ വരുത്തുന്നതിനുള്ള പ്രയാസം, മൂന്നാമതു് പൊതുവിൽ പറഞ്ഞാൽ ഇതു നടപ്പിൽ വരുത്തുന്നതിനു നാട്ടുകാരുടെ പക്കൽനിന്നുള്ള ഉത്സാഹപൂർവ്വമായ സഹകരണത്തിന്റെ അഭാവം, നാലാമതു് ഈ സ്കീം ഇതുവരെ ഏറ്റെടുത്തു നടത്തിയിരുന്നതു് പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ആളുകളായിരുന്നു. അവർക്കു് മേജർ ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനംകൂടി ഉള്ളതുകൊണ്ടു് ഇതു കുറെ മന്ദഗതിയിലായിപ്പോയി. ഇപ്പോഴം ഇതു് ബ്ലോക്കു് ഡെവലപ്പ്മെന്റു് ആഫീസറെ പ്രവൃത്തി നടത്താൻ ഏൽപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു് മുഴുവൻ ചെലവാക്കാൻ കഴിയുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ജനങ്ങളുടെ കോൺട്രിബ്യൂഷൻ കുറയ്ക്കാൻ ഗവണ്മെന്റു് ആലോചിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇക്കാര്യം കേരളഗവണ്മെന്റുമാത്രം ആലോചിച്ചാൽ പോരാ. ഇൻഡ്യാഗവണ്മെന്റിന്റെ സ്കീമനുസരിച്ചു കിട്ടുന്ന ഒരു തുകയാണു്. അതിൽ നാട്ടുകാരുടെ കോൺട്രിബ്യൂഷനായിട്ടു് വച്ചിട്ടുള്ള വിഹിതം മാറ്റുന്നതിനു പ്രയാസമുണ്ടു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള ; ഇൻഡ്യാഗവണ്മെന്റു് ഈ സ്കീമിലേക്കു് നീക്കിവച്ചിട്ടുള്ള പണം ശുദ്ധജലവിതരണത്തിനുമാത്രമേ ഉപയോഗിക്കാവൂ എന്നുണ്ടു്. കിണർ കുഴിക്കാതെതന്നെ പൈപ്പിട്ടു് ജലം വിതരണം ചെയ്യുന്നതിനു് ഈ തുക വിനിയോഗിക്കാൻ എന്തെങ്കിലും സാങ്കേതികമായ ബുദ്ധിമുട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : റൂറൽ വാട്ടർ സപ്ലൈ സ്കീമിനെ സംബന്ധിച്ചിടത്തോളം കിണർ കുഴിക്കാതെ പൈപ്പിടാൻ വേറെ വിഹിതം നിശ്ചയിച്ചിട്ടുണ്ടു്. കിണർ കുഴിക്കേണ്ടതു് ആവശ്യമാണു് അതിനുള്ള തുക

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിക്കാൻ കഴിയുമെന്നു് കളക്ടർ റിപ്പോർട്ട തന്നതനുസരിച്ചാണു് ഇതുയും തുക മാറ്റിവച്ചിട്ടുള്ളതു്. ഇതു് ചെലവഴിക്കാൻ കഴിയുമെന്നു് പറയുകയും ചെയ്യുന്നു. അതുകൊണ്ടു് ഇതിൽനിന്നു് തുക മറ്റതിലേക്കു് നീക്കിവയ്ക്കേണ്ടതിന്റെ ആവശ്യമുണ്ടോ എന്നു സംശയമാണു്.

ശ്രീ. കെ. കൃഷ്ണപിള്ള : ഈ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞതുപോലെ കുടിക്കാനുള്ള വെള്ളത്തിനു് പണം ചെലവാക്കാൻ വയ്യാത്ത നിലയാണു് കാണുന്നതു്. ശുദ്ധജലവിതരണത്തിനു് ഓരോ ഡിസ്ട്രിക്ടിൽനിന്നും കൂടുതൽ തുക വേണമെന്നു് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതിയാണു് ഇന്നുള്ളതു്. കേരളത്തിനു വെളിയിലുള്ള ഗ്രാമങ്ങളെ സംബന്ധിച്ചിടത്തോളം പൊതുവെ കിണറുകളും ആവശ്യമാണെന്നുവരികിലും കേരളത്തിനകത്തു് പൊതു കിണറുകളും അധികമായി ആവശ്യമില്ലാത്തതുകൊണ്ടു് പഞ്ചായത്തുകൾക്കു് റൂറൽ വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി ഈ തുക കൂടി ചെലവഴിക്കാനുള്ള അധികാരം കൊടുക്കുകയോ, ഇല്ലെങ്കിൽ മുമ്പു ചെയ്തിരുന്നതുപോലെ വില്ലേജു് സ്കീംസു് വില്ലേജു് റോഡു് വാട്ടർ സപ്ലൈക്കു പണം ചെലവു ചെയ്യുന്നതിനുള്ള അധികാരം കേന്ദ്രഗവണ്മെന്റിൽനിന്നു വാങ്ങുകയോ ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഓരോ ഡിസ്ട്രിക്ടിലേക്കും ഇപ്പോൾ 2 ലക്ഷത്തിലധികം ഉറുപ്പികയാണു് നീക്കിവച്ചിട്ടുള്ളതു്. റൂറൽ വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി ഈ തുകകൂടി ഉപയോഗിച്ചാൽ പഞ്ചായത്തിനു് വിഹിതമായി കിട്ടുന്നതു് ചുരുങ്ങിപ്പോകും. അതുകൊണ്ടു് ഇങ്ങനെ ഒരു പദ്ധതി സ്വീകരിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ബഹുമാനപ്പെട്ട മന്ത്രി ഉദ്ധരിച്ച കണക്കുകൊണ്ടു് ആലപ്പുഴ ജില്ലയിൽ ഒരു പൈസപോലും ചെലവാക്കിയതായി കാണുന്നില്ല. കോഴിക്കോട്ടു് രണ്ടു ലക്ഷത്തിലധികം ഉറുപ്പികയിൽ 64 ഉറുപ്പികയാണു് ചെലവാക്കിയിട്ടുള്ളതു്. ഇങ്ങനെ പല സ്ഥലങ്ങളിലും ഇത്ര കുറഞ്ഞ സംഖ്യ ചെലവഴിക്കാനുള്ള കാരണമെന്തു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : കളക്ടരോടു് ഇതിന്റെ കാരണത്തെക്കുറിച്ചു് അന്വേഷിച്ചിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജു് : ഇതിനു് അനുവദിച്ചിട്ടുള്ള തുക പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെന്റിനോ, അല്ലെങ്കിൽ ഹരിജൻസു് സ്ഥാപനങ്ങൾക്കോ ഡൈവർട്ട ചെയ്തു കൊടുത്താൽ കോൺടിബ്യൂഷനില്ലാതെ ഈ തുക ചെലവാക്കാൻ സാധിക്കും. അതിനുവേണ്ട നടപടികളും എടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇതിനെപ്പറ്റി പല നിർദ്ദേശങ്ങളും ഇവിടെ പറഞ്ഞു. ഇതെല്ലാം എത്രമാത്രം പ്രായോഗികമാണെന്നുള്ളതിനെപ്പറ്റി ആലോചിക്കാതെ മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. രവീന്ദ്രൻ : ആയിരം രൂപയിൽ കൂടുതൽ ചെലവു വരുന്ന കിണറുകളും കുഴിക്കേണ്ടതില്ലെന്നു് ജില്ലാ കളക്ടർക്കു ഗവണ്മെന്റു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതു് അന്വേഷിക്കാതെ പറയാൻ നിവൃത്തിയില്ല

സാങ്കേതിക കാളേജുകളിലെ സംവരണാടിസ്ഥാനത്തിലുള്ള പ്രവേശനം

* 44. [8] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly